കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കളമശ്ശേരി മുനിസിപ്പാലിറ്റി - മാലിന്യ സംസ്കരണ പ്ലാന്റിന് സർക്കാർ അനുവദിച്ച ജനുറം പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശ സ്വയംഭരണ(ഡിസി) വകുപ്പ്

സ.ഉ.(സാധ)നം.2103/2009/തസ്വഭവ. തീയതി, തിരുവനന്തപുരം, 17-8-2009

=====================================================================

പരാമർശം:-

1. 4-6-08-ലെ (സാധ)1637/08/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11-11-08-ലെ എസ്.എം.1155/സി/08 നമ്പർ കത്ത്.
3. 28-5-09-ലെ 2009/532/26/കെ.എസ്.യു.ഡി.പി. നമ്പർ കത്ത്.

ഉത്തരവ്

കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി, 99 ലക്ഷം രൂപ അടങ്കൽ തുകയും 45.38 ലക്ഷം രൂപ സർക്കാർ സാമ്പത്തികസഹായമായും അനുവദിച്ച്, പരാമർശം മൂന്ന് പ്രകാരം, സർക്കാർ ഉത്തരവായിരുന്നു.

എന്നാൽ നഗരസഭയ്ക്ക് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കായി കൊച്ചി നഗരസഭയുമായി സംയോജിച്ച് ജനുറം പദ്ധതിയിൽപ്പെടുത്തി വാപ്കോസ് കൺസൽട്ടൻസി 330 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട് എന്നും, ടി പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട് എന്നും, ആകയാൽ സർക്കാർ സാമ്പത്തിക സഹായമായ 45.38 ലക്ഷം രൂപ ടി പദ്ധതിപ്രകാരമുള്ള ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റിന്റെ നിർമ്മാണത്തിനായി ചെലവഴിക്കുന്നതിന് കളമശ്ശേരി മുനിസിപ്പാലിറ്റിയ്ക്ക് അനുമതി നൽകാവുന്നതാണ് എന്നും പരാമർശം (2) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

...........2/-

KSUDP
22 AUG 2009
No ..........

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതികാനുമതിയ്ക്ക് വിധേയമായി സൂചന ഒന്നു പ്രകാരം സർക്കാർ സഹായമായി അനുവദിച്ച 45.38 ലക്ഷം രൂപ (നാൽപ്പത്തിയഞ്ചു ലക്ഷത്തി മുപ്പത്തെണ്ണായിരം രൂപ മാത്രം) ജനുറം പദ്ധതിയിൽപ്പെടുത്തി സംയോജിത ഖരമാലിന്യ പരിപാലന പദ്ധതിയ്ക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
എം.ഉണ്ണികൃഷ്ണൻ,
അഡീഷണൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കളമശ്ശേരി നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി., തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
തദ്ദേശ സ്വയംഭരണ വകുപ്പ്പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.

ഉത്തരവുപ്രകാരം,
[signature]
സെക്ഷൻ ഓഫീസർ.